# പിഎസ്‌സി ബുള്ളറ്റിൻ

PSC Bulletin, Fortnightly Publication of Kerala Public Service Commission,

ലക്കം 3 | പുസ്തകം 22 | ദ്വൈവാരിക | ഒക്ടോബർ 1, 2010 | പേജ് 24 | 5 രൂപ




പി.എസ്.സി അംഗങ്ങളായി സത്യപ്രതിജ്ഞചെയ്ത എ.വി. വല്ലഭൻ, യു. സുരേഷ്കുമാർ, പ്രൊഫ. ഗ്രേസമ്മ മാത്യു, ഡോ. പി. ജമീല, കെ.കെ. രമണി എന്നിവർ പി.എസ്.സി ചെയർമാൻ കെ. വി. സലാഹുദ്ദീനോടൊപ്പം

# H.S.S.T സോഷ്യോളജി

## ഫയർമാൻ ഗ്രേഡ്– 2, നഴ്സറി സ്കൂൾ ടീച്ചർ

## വെൽഫെയർ ഓഫീസർ ഗ്രേഡ്– 2

### തുടങ്ങി 17 തസ്തികകളിൽ വിജ്ഞാപനം

എസ്.ഐ. തസ്തികയുടെ മാറ്റിവെച്ച പരീക്ഷ ഒക്ടോബർ 12ന്

പേജ് 2



പേജ് 10

"നാട്യ പ്രധാനം – നഗരം ദരിദ്രം നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"

പേജ് 12

"നിങ്ങളെനിക്ക് രക്തം തരൂ, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം"



## മലയാളത്തിന്റെ മാണിക്യം

2007 ലെ ജ്ഞാനപീഠം പുരസ്കാരം കരസ്ഥമാക്കിയ പ്രൊഫ. ഒ.എൻ.വി.കുറുപ്പിന് കൈരളിയുടെ അഭിനന്ദനങ്ങൾ



# ഇൻറർവ്യൂ പ്രോഗ്രാം – ഒക്ടോബർ 2010

### കെപിഎസ്‌സി ആസ്ഥാന ആഫീസ്, തിരുവനന്തപുരം

1. Research Assistant - Kerala State Planning Board - 05, 06, 07
2. Medical Officer (Sidha) - ISM- (NCA - SC) - 05
3. Veterinary Surgeon Gr - II -SR for ST only - Animal Husbandry - 05
4. Audiologist and Speech Pathologist (NCA - LC) - Med. Edn - 05
5. HSST (Jr) Urdu - NCA - Ezhava- Education - 05
6. Librarian Grade IV- TVM Public Library (StateCentral Library) - 05
7. Part Time Jr. Language Teacher (Sanskrit) NCA - M - Edn - 05, 06
8. Diary Farm Instructor Diary Development - 12, 13, 14, 15, 27, 28 29, 30
9. Junior Scientific Officer Chemical Examiners Laboratory - 12, 13, 14 15
10. Ophthalmic Assistant/ Refractionist/ Orthoptist - 27,28,29 30

### കെപിഎസ്‌സി റീജിയണൽ ആഫീസ്, കൊല്ലം

1. Tide Watcher - Hydrographic Survey Wing - 01
2. Junior Employment Officer- National Employment Service (Kerala) - 01

### കെപിഎസ്‌സി ജില്ലാ ആഫീസ്, ഇടുക്കി

1. UPSA (Tamil) - Education - 06, 07, 08 13, 14, 15
2. Tradesman (Electronics) Tech. Edn (Suitability Assessment of PH Candidates) - 13
3. Process Server - Judicial (Suitability Assessment of PH Candidates) - 13

### കെപിഎസ്‌സി ജില്ലാ ആഫീസ്, എറണാകുളം

1. Rationing Inspector/Head Clerk (SC/ST) - Civil Supplies - 13
2. LPSA (Malayalam) - (SR-ST)- Edn - 13
3. Part Time Jr. Language Teacher (Hindi) Edn - NCA - LC - 13
4. Librarian Gr - III - Municipal Common Service - 14, 15

### കെപിഎസ്‌സി ജില്ലാ ആഫീസ്, പാലക്കാട്

1. Part Time Jr. Language Teacher (Sanskrit) NCA - LC - Edn - 06
2. Full Time Jr. Language Teacher (Hindi) - Edn - 06, 07, 08

### കെപിഎസ്‌സി ജില്ലാ ആഫീസ്, മലപ്പുറം

1. Process Server - Judicial (Suitability Assessment of PH Candidates) - 06
2. Full Time Jr. Language Teacher (Hindi) - Edn - 06, 07, 08 13, 14, 15

### കെപിഎസ്‌സി റീജിയണൽ ആഫീസ്, കോഴിക്കോട്

1. Vocational Instructor (Office Secretary Ship) -VHSE - 05, 06, 07, 08
2. Part Time Jr. Language Teacher (Sanskrit) NCA - LC -Education - 13
3. Vocational Instructor (Marketing and Salesmanship) -KVHSE - 13, 14, 15

### കെപിഎസ്‌സി ജില്ലാ ആഫീസ്, കണ്ണൂർ

1. HSA (Physical Science) Malayalam Medium - NCA - SC - Edn - 13
2. Rationing Inspector/Head Clerk (SC/ST) - Civil Supplies - 13
3. Part Time Jr. Language Teacher (Sanskrit) NCA -SC & LC - Edn - 14, 15

### കെപിഎസ്‌സി ജില്ലാ ആഫീസ്, കാസറഗോഡ്

1. Part Time Jr. Language Teacher (Sanskrit) - Edn - 06, 07, 08
2. Process Server - Judicial (Suitability Assessment of PH Candidates) - 08
3. Dept. Test Second Class Language Test (Kannada) - Viva Voce - 13
4. UPSA (Kannada) - Edn - 13, 14, 15

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**44867 വരെയുള്ള വരിക്കാരുടെ കാലാവധി**
**ഒക്ടോബർ 1 ലക്കത്തോടെയാണ് അവസാനിക്കുന്നത്**
വരിസംഖ്യ(നൂറുരൂപ) മണിയോർഡറായി അയക്കേണ്ട വിലാസം:
**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി. ഒ.,തിരുവനന്തപുരം – 695004**

**വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**

## പത്രാധിപസമിതി


**ഡോ. വി. പി. അബ്ദുൾ ഹമീദ്** (കൺവീനർ)
മെമ്പർ,കേരള പബ്ലിക് സർവീസ് കമ്മിഷൻ
**ഡോ. പി. സി. ബീനാകുമാരി**
മെമ്പർ,കേരള പബ്ലിക് സർവീസ് കമ്മിഷൻ
**ഡോ. അജയകുമാർ കോടോത്ത്**
മെമ്പർ,കേരള പബ്ലിക് സർവീസ് കമ്മിഷൻ



**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ജോഷി ജോസഫ്**
**ഫോൺ** : *0471 2551715* **OR** *9446412483*
**സർക്കുലേഷൻ (പി. ആർ. യൂണിറ്റ്):** *0471 2447201 extn-368, 270*


## അച്ചടി പിശക്

**ലക്കം 1. പുസ്തകം 22. പേജ് 16**
**ഓപ്ഷൻ തെറ്റായി പ്രിൻറ് ചെയ്തിരുന്നു.**

1. ചോദ്യം (16) ഐ എം എഫിൻെറ ആസ്ഥാനം
   ***ഉ. വാഷിങ്ടൺ***
2. ചോദ്യം (33) കൈക്കൂലിക്കാരെ കുടുക്കാൻ നോട്ടുകളിൽ പുരട്ടുന്ന രാസവസ്തു
   ***ഉ. ഫിനോൽഫ്തലിൻ***

## സബ് ഇൻസ്പെക്ടർ തസ്തികയുടെ മാറ്റിവെച്ച പരീക്ഷ ഒക്ടോബർ 12 – ന്

25–09–2010ന് നടത്താനിരുന്ന എസ്.ഐയുടെ പരീക്ഷ ഒക്ടോബർ 12ന് (ചൊവ്വാഴ്ച) രാവിലെ 8.00 മണിമുതൽ 9.15 മണിവരെ നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾ അവർക്ക് നേരത്തെ ലഭിച്ച ഹാൾടിക്കറ്റുമായി അതത് പരീക്ഷാ കേന്ദ്രത്തിൽ കൃത്യസമയത്തുതന്നെ ഹാജരാകണം. **ഒരുമിനിറ്റ് കഴിഞ്ഞുപോലും ഹാജരാകുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.**

## പരീക്ഷ മാറ്റിവെച്ചു

21–10–2010 വ്യാഴാഴ്ച നടത്താൻ നിശ്ചയിച്ചിരുന്ന അച്ചടിവകുപ്പിലെ ജനറൽ ഫോർമാൻ/വിഎച്ച്എസ്സിയിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ എന്നീ തസ്തികകളുടെ പൊതു ഒ.എം.ആർ പരീക്ഷ നവംബർ 10 ബുധൻ രാവിലെ 8.00 മണിമുതൽ 9.15 വരെ നടത്തുന്നതാണ്.

## തിരുത്തൽ വിജ്ഞാപനം

കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിലെ, തുറമുഖ വകുപ്പിൽ സീമാൻ തസ്തികയുടെ നേരിട്ടുള്ള തെരഞ്ഞെടുപ്പിനായും എൻ.സി.എ തെരഞ്ഞെടുപ്പിനായും 12–02–2009, 13–05–2009 എന്നീ തീയതികളിലെ ഗസറ്റുകളിൽ യഥാക്രമം 20/2009, 152/2009 എന്നീ കാറ്റഗറി നമ്പരുകളിലായി പ്രസിദ്ധീകരിച്ച വിജ്ഞാപനങ്ങളുടെ 3–ാം ഇനമായ ശമ്പളസ്കെയിൽ 5250–8390/– രൂപ എന്നത് 4750–7820/– രൂപ എന്ന് തിരുത്തി വായിക്കേണ്ടതാണ്.

---

കാസറഗോഡ് ജില്ലയിൽ മൃഗസംരക്ഷണവകുപ്പിലെ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II/ ലബോറട്ടറി അസിസ്റ്റൻറ് ഗ്രേഡ് II തസ്തികയുടെ എൻ.സി.എ. (ഈഴവ) തെരഞ്ഞെടുപ്പിനായി 27–02–2010–ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 44/2010 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൻെറ മലയാളം പതിപ്പിൽ 3–ാം കോളത്തിലെ ശമ്പള സ്കെയിലിൽ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II 6680–9830 എന്നത് ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II 6080–9830 എന്ന് തിരുത്തി വായിക്കേണ്ടതാണ്.

---

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റൻറ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ് (വിമൺസ് പോളിടെക്നിക്ക്) തസ്തികയുടെ തെരഞ്ഞെടുപ്പിനായി 14–5–2010–ൽ കാറ്റഗറി നമ്പർ 139/2010 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലെ (മലയാളം) 7–ാം ഖണ്ഡികയിൽ അഭിലഷണീയ യോഗ്യതയ്ക്ക് മുമ്പായി 'അല്ലെങ്കിൽ' എന്ന് ചേർത്തത് ഒഴിവാക്കി താഴെപ്പറയും പ്രകാരം വായിക്കേണ്ടതാണ്.

**യോഗ്യതകൾ:**
എസ്.എസ്.എൽ.സി
(ബിരുദധാരികൾക്ക് മുൻഗണന നൽകുന്നതാണ്)
**സാങ്കേതിക യോഗ്യത:**
കേരള സർക്കാരിൻെറ ഷോർട്ട്ഹാൻറിലും ടൈപ്പ് റൈറ്റിംഗിലും ഉള്ള ഡിപ്ലോമ.

**അല്ലെങ്കിൽ**

ടൈപ്പ് റൈറ്റിംഗിലും ഷോർട്ട്ഹാൻറിലും ഉള്ള എം.ജി.റ്റി.ഇ/കെ.ജി.റ്റി.ഇ (ഹയർഗ്രേഡ്) സർട്ടിഫിക്കറ്റ്.

**അല്ലെങ്കിൽ**

കേരള സർക്കാരിൻെറ സെക്രട്ടേറിയൽ പ്രാക്ടീസ് ആൻറ് സ്റ്റെനോഗ്രാഫിയിലുള്ള ഡിപ്ലോമ.
**അഭിലഷണീയം:**
സർക്കാർ വകുപ്പുകളിലോ മറ്റു സ്ഥാപനങ്ങളിലോ സ്റ്റെനോഗ്രാഫറായി ജോലി ചെയ്തിട്ടുള്ള പരിചയം.

**അല്ലെങ്കിൽ**

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഷോർട്ട്ഹാൻറ് & ടൈപ്പ് റൈറ്റിംഗിൽ ഇൻസ്ട്രക്ടറായി ജോലി ചെയ്തുള്ള പരിചയം.
ഗസറ്റ് വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

## വിജ്ഞാപനം

ആയുർവേദ കോളേജുകളിൽ മെക്കാനിക്ക് തസ്തിക (എറണാകുളം ജില്ല)യുടെ തിരഞ്ഞെടുപ്പിനുവേണ്ടി 28–06–2008ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 238/08 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം റദ്ദ്ചെയ്തിരിക്കുന്നു.

## ERRATUM NOTIFICATION

It is here by notify that the item 6 regarding Age limit in the Notification for the post of Junior Instructor (Maintenance Mechanic Chemical Plant Trade) in Industrial Training Department notified as Category No. 137/2010 in Gazette date 14-5-2010 is corrected to be read as follows.

6. Age limit: Must have completed 19 (Nineteen) years of age and must not have completed 43 (forty three years of age as on 01-01-2010 with usual relaxation of age to SC/ST and OBC candidated.

The said Notification (English Version) in the Gazette dated 14-5-2010 is modified to the above extent.

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 30-09-2010 തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസററിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

## അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

1. വിജ്ഞാപനത്തിന്റെ വിശദാംശങ്ങൾ www.keralapsc.org-ൽ ലഭ്യമാണ്. ഇതിനായി വെബ്സൈറ്റിന്റെ ഹോംപേജിൽ വലതുവശത്തുള്ള Online Application എന്ന ലിങ്കിലോ ഇടതുവശത്തുള്ള Notificationഎന്ന ലിങ്കിലോ ക്ലിക്ക്ചെയ്യണം.
2. Notification ക്ലിക്കു ചെയ്യുകയാണെങ്കിൽ നിലവിലുള്ള എല്ലാ വിജ്ഞാപനങ്ങളും കാണാം. Online Application ൽ ക്ലിക്കുചെയ്യുകയാണെങ്കിൽ ഓൺലൈനിലൂടെ അപേക്ഷിക്കാൻ കഴിയുന്ന തസ്തികകളുടെ മാത്രം വിശദാംശങ്ങൾ ലഭ്യമാണ്.
3. Notification എന്ന ലിങ്ക് ഉപയോഗിക്കുമ്പോൾ ഓൺലൈനിലൂടെ അപേക്ഷിക്കാൻ കഴിയുന്ന തസ്തികയാണെങ്കിൽ വലതുവശത്ത് Apply online എന്ന ലിങ്കുണ്ട്. ഇതിൽ ക്ലിക്കുചെയ്തും ഓൺലൈൻ അപേക്ഷയുടെ സ്ക്രീനിലേക്ക് പോകാം.
4. Online Application എന്ന പേജിലെത്തിയാൽ ഇടതുവശത്ത് Category code നുതാഴെ Apply Now എന്ന ലിങ്കിൽ അമർത്തിയാൽ Declaration എന്ന പേജ് ലഭിക്കും. (ജില്ലാതല നിയമനമെങ്കിൽ, അപേക്ഷിക്കുന്ന ജില്ല തിരഞ്ഞെടുക്കുകയും മറ്റ് ജില്ലയിലേക്ക് അപേക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുകയും വേണം) ഇവിടെ കെപിഎസ്സിയുടെ നിയമങ്ങളും ചട്ടങ്ങളും അംഗീകരിച്ചുകൊള്ളാമെന്ന് ഉറപ്പുകൊടുക്കുന്നതിനായി 'I agree' എന്നുള്ളിടത്ത് ക്ലിക്ക് ചെയ്യണം. പിന്നീട് Submit -ൽ ക്ലിക്ക്ചെയ്താൽ ഓൺലൈൻ അപേക്ഷയിലേക്ക് കടക്കാനാവും.
5. Online അപേക്ഷയുടെ പേജ് ലഭിച്ചുകഴിഞ്ഞാൽ അതിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ പൂരിപ്പിച്ചുതുടങ്ങണം. മുകളിൽ * ഉള്ളവ (mandatoy fields) നിർബന്ധിതമായും പൂരിപ്പിക്കേണ്ടവയാണ്.
6. പിൻകോഡ് രേഖപ്പെടുത്തുമ്പോൾ ഇടയ്ക്ക് Space ആവശ്യമില്ല.
7. അപേക്ഷ പൂരിപ്പിച്ചുകഴിഞ്ഞാൽ തെളിയുന്ന ആറു Charector ഉള്ള കോഡ് (ഇത് ബാർകോഡ് അല്ല. അപേക്ഷയുടെ സുരക്ഷിതത്വത്തിനുവേണ്ടിയുള്ള സംവിധാനമാണ്) അതിൽകാണുന്നതുപോലെ ഇടയ്ക്ക് Space ഇല്ലാതെ രേഖപ്പെടുത്തിയശേഷം I agree എന്നുള്ള ബട്ടൺ ക്ലിക്കുചെയ്യണം. തുടർന്ന് Preview ക്ലിക്ക് ചെയ്യുക. ഉടൻ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയ വിവരങ്ങൾ ഉൾപ്പെടെ അപേക്ഷാഫോറം സ്ക്രീനിൽ തെളിയും. രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുക. തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ Edit എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. അപേക്ഷാഫോം വീണ്ടും സ്ക്രീനിൽ തെളിയും. ഇതിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുക. ഇതിനുശേഷം വീണ്ടും Preview ക്ലിക്ക് ചെയ്തതിനുശേഷം Submit Application എന്ന ബട്ടൺ ക്ലിക്ക്ചെയ്യണം. Submit application എന്ന ബട്ടൺ ക്ലിക്ക്ചെയ്ത് ബാർകോഡ് ലഭിക്കാത്തിടത്തോളം കാലം അപേക്ഷ സമർപ്പിക്കപ്പെടുകയില്ല. ബാർകോഡ് നമ്പർ ഓരോ അപേക്ഷയ്ക്കും വ്യത്യസ്തമാ യിരിക്കും. ഉദ്യോ ഗാർത്ഥി പിന്നീടുള്ള തന്റെ എല്ലാ അന്വേഷ ണങ്ങളിലും ഈ നമ്പർ സൂചിപ്പിക്കേണ്ടതാണ്.
8. റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏററവും കുറഞ്ഞത് ഒരു വർഷവും ഏററവും കൂടിയത് മൂന്നു വർഷവും പ്രാബല്യത്തിലായിരിക്കും. എന്നാൽ ഒരു വർഷത്തിനു ശേഷം അതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. വിജ്ഞാപനത്തിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് എഴുതി അറിയിക്കുന്ന ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.
9. ജനറൽ റിക്രൂട്ട്മെന്റിനായുള്ള ഒഴിവുകൾ അതിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റിനായുള്ള ഒഴിവുകൾ അതിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മാത്രമേ നികത്തൂ.
10. വിജ്ഞാപനത്തിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടില്ലാത്തപക്ഷം അപേക്ഷയോടൊപ്പം യാതൊരു പ്രമാണ ങ്ങളും അയയ്ക്കുവാൻ പാടില്ല. വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ് മുതലായവ തെളി യിക്കു ന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ മാത്രം ഹാജരാക്കിയാൽ മതിയാകും.
11. ഗസററിൽ വിജ്ഞാപനങ്ങൾക്ക് അനുബന്ധമായുള്ള പൊതുവ്യവസ്ഥകൾ അനുസരിച്ചാണ് തിരഞ്ഞെടുപ്പുകൾ നടത്തുന്നത്. ആയതിനാൽ വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനം പരിശോധിക്കേണ്ടതാണ്.

**അസാധാരണ ഗസറ്റ് തീയതി: 30.09.2010 അവസാന തീയതി: 03.11.2010 വൈകുന്നേരം 5 മണി വരെ**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

**ഓൺലൈനിലൂടെ മാത്രം അപേക്ഷിക്കാവുന്ന തസ്തികകൾ**

### കാറ്റഗറി നമ്പർ: 276/2010
### വൊക്കേഷണൽ ടീച്ചർ – ഇ.സി.ജി & ആഡിയോമെട്രിക് ടെക്നീഷ്യൻ
### കേരള വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ

**1. വകുപ്പ്** : കേരള വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ
**2. ഉദ്യോഗപ്പേര്** : വൊക്കേഷണൽ ടീച്ചർ –ഇ.സി.ജി & ആഡിയോമെട്രിക് ടെക്നീഷ്യൻ
**3. ശമ്പളം** : 11070–18450 രൂപ
**4. ഒഴിവുകളുടെ എണ്ണം**: 3 (മൂന്ന്)
**5.നിയമനരീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 23–39 ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1987 നുമിടയിൽ ജനിച്ചവരായിരിക്കണം.(രണ്ട് തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)
**7. യോഗ്യതകൾ:** കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെയുള്ള എം.എസ്.സി. ബിരുദം അല്ലെങ്കിൽ തത്തുല്യയോഗ്യതയും ഒരു അംഗീകൃതസ്ഥാപനത്തിൽ നിന്ന് ഇ.സി.ജി യിലുള്ള ഡിപ്ളോമയും

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ആഡിയോ മെട്രിയിലുള്ള എം.എസ്.സി. ബിരുദം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**കുറിപ്പ് :–** (i) ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്ന് ലഭിച്ച ഡിപ്ളോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ അധിക യോഗ്യതയായിട്ടുള്ളവർക്ക് വൊക്കേഷണൽ ടീച്ചർ തസ്തികയുടെ നിയമനങ്ങളിൽ മുൻഗണന നൽകുന്നതാണ്.

(ii)അദ്ധ്യാപക തസ്തികകൾക്ക് നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകൾ കേരളത്തിലെ അംഗീകൃത സർവ്വകലാശാലകളിൽനിന്ന് റഗുലർ പഠനത്തിലൂടെ നേടിയതോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല തത്തുല്യ യോഗ്യതയായി അംഗീകരിച്ചതോ ആയിരിക്കണം.

**8. അപേക്ഷ അയക്കേണ്ട മേൽവിലാസം.**
www.keralapsc.org

### കാറ്റഗറി നമ്പർ: 277/2010
### അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ)
### (a) ഹാർബർ എഞ്ചിനീയറിംഗ്
### (b) മെഡിക്കൽ വിദ്യാഭ്യാസം

**1. വകുപ്പുകൾ** : (a) ഹാർബർ എഞ്ചിനീയറിംഗ്
(b) മെഡിക്കൽ വിദ്യാഭ്യാസം.
**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ)
**3 ശമ്പളം** : 11070–18450 രൂപ
**4 ഒഴിവുകളുടെ എണ്ണം**: (a) ഹാർബർ എഞ്ചിനീയറിംഗ് 1 (ഒന്ന്)
(b) മെഡിക്കൽ വിദ്യാഭ്യാസം റിപ്പോർട്ട് ചെയ്യപ്പെടാവുന്ന ഒഴിവുകൾ

**കുറിപ്പ്:** ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഒഴിവുകൾക്ക് മാത്രമാണ് 13.10.2009 ലെ G.O.(P)No.43/2009/SWD ഉത്തരവിൽ പരാമർശിക്കുന്ന അംഗവൈകല്യമുള്ളവർക്ക് 3% സംവരണം നിഷ്ക്കർഷിച്ചിട്ടുള്ളത്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : **a) ഹാർബർ എഞ്ചിനീയറിംഗ് –** 19–40. ഉദ്യോഗാർത്ഥികൾ 2.1.1970 നും 1.1.1991 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**b) മെഡിക്കൽ വിദ്യാഭ്യാസം–** 18–40. ഉദ്യോഗാർത്ഥികൾ 2.1.1970 നും 1.1.1992 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7 യോഗ്യതകൾ: ഹാർബർ എഞ്ചിനീയറിംഗ്:** മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ കേരള സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബി.എസ്.സി.ബിരുദം അഥവാ തത്തുല്യമായയോഗ്യത.

**അല്ലെങ്കിൽ**

മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ മദ്രാസ് സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബി.ഇ.ബിരുദം അഥവാ തത്തുല്യമായ യോഗ്യത.

**അല്ലെങ്കിൽ**

മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് (ഇൻഡ്യ)ൽ നിന്നും ലഭിച്ച അസോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമ അഥവാ തത്തുല്യമായ മറ്റേതെങ്കിലും യോഗ്യത.

**അല്ലെങ്കിൽ**

മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് (ഇൻഡ്യ)നടത്തുന്ന അസോസിയേറ്റ് മെമ്പർഷിപ്പ് പരീക്ഷയുടെ എ.ബി എന്നീ വിഭാഗങ്ങൾ ജയിച്ചിരിക്കണം.

**മെഡിക്കൽ വിദ്യാഭ്യാസം:**
മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ബി.എസ്.സി./ബി.ഇ./ബി.ടെക് ബിരുദം.

**അഭിലഷണീയം–** പ്രോസ്തെറ്റിക്സിലോ ഓർത്തോട്ടിക്സിലോ മൂന്നുമാസത്തെ ട്രെയിനിംഗ്.

**8. അപേക്ഷ അയക്കേണ്ട മേൽവിലാസം.**
www.keralapsc.org

### കാറ്റഗറി നമ്പർ: 278/2010, 279/2010
### 1. ഹയർ സെക്കന്ററി സ്ക്കൂൾ ടീച്ചർ – സോഷ്യോളജി – 278/10
### 2. ഹയർ സെക്കന്ററി സ്ക്കൂൾ ടീച്ചർ – (സോഷ്യോളജി) ജൂനിയർ – 279/10
### കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസം

**1. വകുപ്പ്** : കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : 1. ഹയർ സെക്കന്ററി സ്ക്കൂൾ ടീച്ചർ– സോഷ്യോളജി–278/10
2. ഹയർ സെക്കന്ററി സ്ക്കൂൾ ടീച്ചർ– (സോഷ്യോളജി) ജൂനിയർ–279/10

**വിശദീകരണം:** ഹയർസെക്കന്ററി സ്കൂൾ ടീച്ചർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഫുൾടൈം ഹയർസെക്കന്ററി സ്ക്കൂൾ ടീച്ചർ തസ്തിക എന്നാണ്.

**3. ശമ്പളം** : (1) 11,070–18,450 രൂപ
(2) 9190–15510 രൂപ (ജൂനിയർ തസ്തിക)
**4. ഒഴിവുകളുടെ എണ്ണം** : 1. 33 (മുപ്പത്തി മൂന്ന്)
2. 4 (നാല്)
**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായം** : (1) 20–39. അപേക്ഷകർ 02.01.1971 നും 1.1.1990 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധിയിൽ അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കുന്നതാണ്.) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

(2) മേൽപ്പറഞ്ഞ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന് ഇതേ വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്ക് 01.01.2010–ൽ 42 വയസ്സ് കവിയാൻപാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.

**7. യോഗ്യതകൾ** : 1. കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാല ബന്ധപ്പെട്ട വിഷയത്തിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

II (1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി എഡ് അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു

സർവകലാശാല ബന്ധപ്പെട്ട വിഷയത്തിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.(2)ബന്ധപ്പെട്ട വിഷയത്തിൽ ബി എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി എഡ് ബിരുദം (B.Ed. Degree acquired in the concerned faculty as specified in the Acts and Statutes of any of the Universities in Kerala)

(3) മുകളിൽ സൂചിപ്പിച്ച 1–ഉം 2–ഉം വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലുമൊരു വിഷയത്തിൽ നേടിയ ബി എഡ് ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ പരിഗണിക്കുന്നതാണ്.

III. കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ് :–** (1) മേൽപ്പറഞ്ഞ ബി എഡ് ബിരുദക്കാരുടെ അഭാവത്തിൽ 50% മാർക്കിൽ കുറയാത്ത മാർക്കോടെ ബിരുദാനന്തര ബിരുദവും, സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി. ബിരുദമോ എം.ഫിൽ ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥപ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി എഡ് ബിരുദം കരസ്ഥമാക്കേണ്ടതാണ്.

(2) കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം എഡ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**പ്രത്യേക ഇളവുകൾ**

(1) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലവൽ എലിജിബിലിറ്റി ടെസ്റ്റ് (SLET) ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്ക്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(2) നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(3) പി എച്ച് ഡി/എം എഡ്/കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം ഫിൽ അല്ലെങ്കിൽ തത്തുല്യ യോഗ്യതയോ നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(4) പൊതു വിദ്യാഭ്യാസ വകുപ്പ് സബോർഡിനേറ്റ് സർവ്വീസിലെ ഹൈസ്ക്കൂൾ തലത്തിൽ പത്തു വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്.

**8. അപേക്ഷ അയക്കേണ്ട മേൽവിലാസം.**

www.keralapsc.org

## കാറ്റഗറി നമ്പർ: 280/2010
## വെൽഫെയർ ഓഫീസർ ഗ്രേഡ്–II
## ജയിൽ

| | | |
|---|---|---|
| **1. വകുപ്പ്** | : | ജയിൽ |
| **2. ഉദ്യോഗപ്പേര്** | : | വെൽഫെയർ ഓഫീസർ ഗ്രേഡ്–II |
| **3. ശമ്പളം** | : | 10,790–18,000 രൂപ |
| **4. ഒഴിവുകളുടെ എണ്ണം** | : | 2 (രണ്ട് ) |
| **5. നിയമനരീതി** | : | നേരിട്ടുള്ള നിയമനം. |

**6. പ്രായം** : 18–35. ഉദ്യോഗാർത്ഥികൾ 2–1–1975 നും 1–1–1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/ പട്ടികവർഗ്ഗ മറ്റുപിന്നാക്ക വിഭാഗങ്ങൾക്ക് നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക.

**7. യോഗ്യതകൾ :** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ സോഷ്യൽ വർക്കിൽ ലഭിച്ച ബിരുദം.

**(അല്ലെങ്കിൽ)**

ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഏതെങ്കിലും വിഷയത്തിൽ ലഭിച്ച ബിരുദവും സോഷ്യൽ വർക്കിൽ ലഭിച്ച ബിരുദാനന്തര ബിരുദവും.

**(അല്ലെങ്കിൽ)**

ഒരു അംഗീകൃത സർവകലാശാലയി നിന്നോ സ്ഥാപനത്തിൽ നിന്നോ സോഷ്യൽ വർക്കിൽ ലഭിച്ച ബിരുദാനന്തര ബിരുദം.

**കൂടാതെ**

മലയാളം എഴുതാനും വായിക്കാനും ഉള്ള കഴിവ്.

**കുറിപ്പ്: വികലാംഗർ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.**

**8. അപേക്ഷ അയക്കേണ്ട മേൽവിലാസം.**

www.keralapsc.org

## കാറ്റഗറി നമ്പർ: 281/2010
## ഫയർമാൻ ഗ്രേഡ്– 2
## കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്

| | | |
|---|---|---|
| **1 സ്ഥാപനത്തിന്റെ പേര്** | : | കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് |
| **2 ഉദ്യോഗപ്പേര്** | : | ഫയർമാൻ ഗ്രേഡ്–2 |
| **3 ശമ്പളം** | : | 8210–17520/ രൂപ |
| **4 ഒഴിവുകളുടെ എണ്ണം** | : | 4 (നാല്) |

**നോട്ട്:** i) മുകളിൽപറയുന്ന തസ്തികയുടെ ചുരുക്കപ്പട്ടിക/ സാദ്ധ്യതാപട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യതയനുസരിച്ച് തീരുമാനിക്കുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 18–35. ഉദ്യോഗാർത്ഥികൾ 2.1.1975 നും 1.1.1992 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**നോട്ട്:** i) പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവീസുള്ളവർ സർവീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2–ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i), (ii), (iii), (iv), vi & (xii) നോക്കുക)

**7. യോഗ്യതകൾ**

1. എസ്.എസ്.എൽ.സി അഥവാ തത്തുല്യയോഗ്യത
2. വ്യോമസേനയിൽ ഫയർഫൈറ്റിംഗിലോ സംസ്ഥാന ഫയർ സർവ്വീസിലോ/ഏതെങ്കിലും വ്യവസായ സ്ഥാപനത്തിലെ ഫയർ സർവ്വീസിലോ ഉള്ള രണ്ടുവർഷത്തെ പ്രവൃത്തിപരിചയം.
3. ഉദ്യോഗാർത്ഥികൾക്ക് താഴെപ്പറയുന്ന ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കണം

| | | |
|---|---|---|
| ഉയരം | : | 165 സെ.മീ |
| ഭാരം | : | 50 കി.ഗ്രാം |
| നെഞ്ചളവ് | : | സാധാരണം:– 81 സെ.മീ |
| | | വികസിപ്പിക്കുമ്പോൾ:–86.6 സെ.മീ |

പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിലായിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിന്റെ പേര് :

രജിസ്ട്രേഷൻ നമ്പരും

രജിസ്റ്റർ ചെയ്ത തീയതിയും :

ശ്രീ/ശ്രീമതി)................................................. (അപേക്ഷകന്റെ പേരും മേൽവിലാസവും) ..................................................സ്ഥാപനത്തിൽ (സ്ഥാപനത്തിന്റെ പേര്) ....................മുതൽ............. വരെ (കാലയളവ് വ്യക്തമാക്കണം).................................................. തസ്തികയിൽ പ്രതിമാസം......................രൂപ ശമ്പളനിരക്കിൽ/ പ്രതിദിനം.........................................രൂപ ശമ്പളനിരക്കിൽ ജോലി ചെയ്തിട്ടുണ്ട്/ചെയ്തു വരികയാണ്.

സ്ഥാപനമുടമയുടെ
തീയതി സഹിതമുള്ള ഒപ്പ്, പേര്,
മേൽവിലാസം

സ്ഥലം:
തീയതി:

(ഓഫീസ് സീൽ)

**സാക്ഷ്യപത്രം**

മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി............................... അതിൽ പറയുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ............................... ആയി (ജോലിയുടെ പേര്) ജോലി ചെയ്തതായി/ചെയ്യുന്നതായി ................................ നിയമപ്രകാരം/ചട്ടപ്രകാരം സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ ................................ (രജിസ്റ്ററിന്റെ പേര് വ്യക്തമാക്കണം) പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച................................ എന്ന ചട്ടപ്രകാരം/നിയമപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനമുടമ സൂക്ഷിക്കേണ്ടണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാര പ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ
തീയതി സഹിതമുള്ള ഒപ്പ്, പേര്,
ഉദ്യോഗപ്പേര്, ഓഫീസ്.

സ്ഥലം:
തീയതി:

(ഓഫീസ് സീൽ)

**കുറിപ്പ്** 1 അക്കാദമിക് യോഗ്യതയോ, അടിസ്ഥാനയോഗ്യതയോ നേടിയതിനു ശേഷമുള്ള പ്രവൃത്തിപരിചയം മാത്രമേ സ്വീകരിക്കുകയുള്ളൂ.

2 പരിചയസർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാ ക്കുന്നതും, വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത മായ നടപടികൾ കൈക്കൊള്ളുന്നതുമാണ്. രജിസ്റ്റർ ചെയ്ത സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന പരിചയ സർട്ടിഫിക്കറ്റുകൾ കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

3 പ്രവൃത്തിപരിചയം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസറ്റു വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ 21–ാം ഖണ്ഡിക നോക്കുക.

**8. അപേക്ഷ അയക്കേണ്ട മേൽവിലാസം.**

www.keralapsc.org

## ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

**ഓൺലൈനിലൂടെ മാത്രം അപേക്ഷിക്കാവുന്ന തസ്തികകൾ**

## കാറ്റഗറി നമ്പർ: 282/2010
## നഴ്സറി സ്കൂൾ ടീച്ചർ
## പട്ടികജാതി വികസനം

| | | | |
|---|---|---|---|
| **1. വകുപ്പ്** | : | പട്ടികജാതി വികസനം | |
| **2. ഉദ്യോഗപ്പേര്** | : | നഴ്സറി സ്കൂൾ ടീച്ചർ | |
| **3. ശമ്പളം** | : | 6,680–10,790 രൂപ | |
| **4. ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ | |
| | | എറണാകുളം | – 3 (മൂന്ന്) |
| | | തൃശൂർ | – 2 (രണ്ട്) |
| | | കാസറഗോഡ് | – 2 (രണ്ട്) |
| **5. നിയമനരീതി** | : | നേരിട്ടുള്ള നിയമനം | |

**6. പ്രായം** : 18–35: ഉദ്യോഗാർത്ഥികൾ 02.01.1975–നും 01.01.1992 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്കും നിയമാനുസൃതമായ ഇളവ് ഉണ്ടായിരിക്കും

**നോട്ട്:–** (1)യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

(2) പൊതുവ്യവസ്ഥകളിൽ 2–ാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയി നിന്നും ഒഴിവാക്കുവാൻ അവകാശപ്പെടുന്നവർ ആ വിവരം 'പ്രായപരിധിയിൽ ഇളവ് ലഭിക്കുവാൻ അർഹതയുണ്ടോ എന്നതിൽ 'ഉണ്ട്' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും തുടർന്ന് ഇളവിനുള്ള അർഹത വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതാകുന്നു.

**7. യോഗ്യതകൾ:** എസ്.എസ്.എൽ.സി. അഥവാ തത്തുല്യമായ യോഗ്യതയും, കേരള ഗവൺമെന്റ് നൽകിയിട്ടുള്ളതോ, അംഗീകരിച്ചിട്ടുള്ളതോ ആയ നഴ്സറി സ്കൂൾ ടീച്ചിംഗ് സർട്ടിഫിക്കറ്റും.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് അംഗീകരിച്ച ഒരു സ്ഥാപനത്തിൽനിന്നും നൽകിയിട്ടുള്ള ബാലസേവിക ട്രെയിനിംഗ് സർട്ടിഫിക്കറ്റ്.

**8. അപേക്ഷ അയക്കേണ്ട മേൽവിലാസം.**
www.keralapsc.org

## കാറ്റഗറി നമ്പർ: 283/2010
## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്)- എൽ.പി.എസ്
## വിദ്യാഭ്യാസം

| | |
|---|---|
| 1. **വകുപ്പ്** | : വിദ്യാഭ്യാസം |
| 2. **ഉദ്യോഗപ്പേര്** | : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്)- എൽ.പി.എസ് |
| 3. **ശമ്പളം** | : 5,250-8,390/ രൂപ. |
| 4. **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ<br>തിരുവനന്തപുരം - 1 (ഒന്ന്)<br>കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, കാസറഗോഡ്, കണ്ണൂർ — റിപ്പോർട്ടു ചെയ്യപ്പെടാവുന്ന ഒഴിവുകൾ<br>പാലക്കാട് - 4 (നാല്) |

5. **നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം**: 18-39 ഉദ്യോഗാർത്ഥികൾ 02.01.1971 -നും 01.01.1992 -നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)
(പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്കും അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ലായെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7 യോഗ്യതകൾ:** കേരളത്തിലെ സർവ്വകലാശാലകൾ നല്കിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നല്കിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിൽ

**അല്ലെങ്കിൽ**

കോഴിക്കോട് സർവ്വകലാശാലയിൽനിന്നും പാർട്ട് 3 അറബി (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീ-ഡിഗ്രി

**അല്ലെങ്കിൽ**

കേരളത്തിലെ ഹയർ സെക്കൻഡറി പരീക്ഷാ ബോർഡു നടത്തു പ്ളസ് ടു പാർട്ട് III അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം

**അല്ലെങ്കിൽ**

കേരളാ ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്. എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

1. കേരളാ ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.
2. കേരളാ ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.
3. കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തു അറബി അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.
4. കേരളാ സർവ്വകലാശാലയോ കോഴിക്കോട് സർവ്വകലാശാലയോ നടത്തുന്ന അറബി എൻട്രൻസ് പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ്:-** 30.11.09-ലെ GO(MS) No. 232/09/G.Edl ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവ. പരീക്ഷാ കമ്മീഷണർ നടത്തു എസ്.എസ്.എ .സി-യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

**8. അപേക്ഷ അയക്കേണ്ട മേൽവിലാസം:**
www.keralapsc.org

# സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)
**ഓൺലൈനിലൂടെ മാത്രം അപേക്ഷിക്കാവുന്ന തസ്തികകൾ**

## കാറ്റഗറി നമ്പർ: 284/2010
## വൊക്കേഷണൽ ടീച്ചർ ഇൻ അഗ്രിക്കൾച്ചർ
## കേരള വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യുക്കേഷൻ
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ്- പട്ടികവർഗ്ഗം മാത്രം)

| | |
|---|---|
| 1. **വകുപ്പ്** | : കേരള വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യുക്കേഷൻ |
| 2. **ഉദ്യോഗപ്പേര്** | : വൊക്കേഷണൽ ടീച്ചർ ഇൻ അഗ്രിക്കൾച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് -പട്ടികവർഗ്ഗം മാത്രം) |
| 3. **ശമ്പളം** | : 11070-18450/ |
| 4. **ഒഴിവുകളുടെ എണ്ണം** | : 1 (ഒന്ന്) |

**കുറിപ്പ്:-** മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലഭ്യതയനുസരിച്ച് ചുരുക്കപ്പട്ടിക/സാധ്യതാ ലിസ്റ്റി ഉൾപ്പെടുത്തേണ്ടുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം പിന്നീട് തീരുമാനിക്കുന്നതാണ്.

**5. നിയമനരീതി :** നേരിട്ടുള്ള നിയമനം.
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**കുറിപ്പ്:-** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 23-44. ഉദ്യോഗാർത്ഥികൾ 02-01-1966 നും 01-01-1987 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയ്യതികളും ഉൾപ്പടെ) (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:-** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു.

**7. യോഗ്യതകൾ:** കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും 60% മാർക്കിൽ കുറയാതെ കൃഷി ശാസ്ത്രത്തിൽ ബിരുദം അല്ലെങ്കിൽ തത്തുല്യയോഗ്യത.

**കുറിപ്പ്:-** ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ ആപ്ളിക്കേഷനിൽ ഡിപ്ളോമ അധിക യോഗ്യതയായുള്ള ഉദ്യോഗാർത്ഥികൾക്കു വൊക്കേഷണൽ ടീച്ചറായുള്ള നിയമനത്തിൽ മുൻഗണന നൽകുന്നതാണ്.

**8. അപേക്ഷ അയക്കേണ്ട മേൽവിലാസം.**
www.keralapsc.org

## കാറ്റഗറി നമ്പർ: 285/2010
## താലൂക്ക് സപ്ളൈ ഓഫീസർ / സിറ്റി റേഷനിങ്ങ് ഓഫീസർ /സീനിയർ സൂപ്രണ്ട്
## സിവിൽ സപ്ളൈസ്
## (പട്ടിക വർഗ്ഗം മാത്രം)

| | |
|---|---|
| 1. **വകുപ്പ്** | : സിവിൽ സപ്ളൈസ് |
| 2. **ഉദ്യോഗപ്പേര്** | : താലൂക്ക് സപ്ളൈ ഓഫീസർ / സിറ്റി റേഷനിങ്ങ് ഓഫീസർ / സീനിയർ സൂപ്രണ്ട് (പട്ടിക വർഗ്ഗം മാത്രം) |
| 3. **ശമ്പളം** | : 10790-18000/ |
| 4. **ഒഴിവുകളുടെ എണ്ണം** | : 1 (ഒന്ന്) |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**6. പ്രായം:** 20-40 ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.1990 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയ്യതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച് നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല).

**കുറിപ്പ്:-** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു.

**7. യോഗ്യതകൾ:**
ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബി.എ, ബി.എസ്.സി അല്ലെങ്കിൽ ബി.കോം. ബിരുദം.

**8. അപേക്ഷ അയക്കേണ്ട മേൽവിലാസം.**
www.keralapsc.org

# സ്പെഷ്യൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)
**ഓൺലൈനിലൂടെ മാത്രം അപേക്ഷിക്കാവുന്ന തസ്തിക**

## കാറ്റഗറി നമ്പർ: 286/2010
## ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ്, പട്ടികജാതി/പട്ടികവർഗ്ഗം)
## വിവിധം

| | |
|---|---|
| 1. **വകുപ്പ്** | : വിവിധം |
| 2. **ഉദ്യോഗപ്പേര്** | : ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ്, പട്ടികജാതി/പട്ടികവർഗ്ഗം) |
| 3. **ശമ്പളം** | : 5250-8390 രൂപ |
| 4. **ഒഴിവുകളുടെഎണ്ണം:** | ജില്ലാടിസ്ഥാനത്തിൽ<br>പത്തനംതിട്ട-1 (ഒന്ന്)<br>കോഴിക്കോട്-1 (ഒന്ന്) |

മേല്പറഞ്ഞിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്.

**5. നിയമനരീതി :** നേരിട്ടുള്ള നിയമനം. (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)
പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18-40, ഉദ്യോഗാർത്ഥികൾ 02-01-1970 നും 01-01-1992 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ്:-** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.

**7. യോഗ്യതകൾ:** 1. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത
2. മലയാളം ടൈപ്പ്റൈറ്റിങ്ങിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ)
3. ഇംഗ്ളിഷ് ടൈപ്പ്റൈറ്റിങ്ങിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിങ്ങും അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

**കുറിപ്പ്:-**1) ടൈപ്പ്റൈറ്റിംഗ് പരീക്ഷ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് മാത്രമേ സ്വീകരിക്കുകയുള്ളു.
(ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല )
2)2002 ജനുവരിക്ക് മുമ്പ് ടൈപ്പ്റൈറ്റിംഗ് (കെ.ജി.റ്റി.ഇ) യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേർഡ്പ്രോസസ്സിംഗ് അല്ലെങ്കിൽ തത്തുല്യ യോഗ്യത തെളിയിക്കുന്ന പ്രത്യേക സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
3)ഗവൺമെന്റ് സർവ്വീസിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് മതിയായ സേവനം പൂർത്തിയാക്കിയിട്ടുള്ള വിമുക്തഭടൻമാർക്ക് മലയാളം ടൈപ്പ്റൈറ്റിംഗ് യോഗ്യത വേണമെന്ന് നിർബന്ധമില്ല. എന്നാൽ അവർക്ക് നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുമ്പ് പ്രസ്തുത യോഗ്യത കരസ്ഥമാക്കേണ്ടതാണ്.
4) പ്രതിരോധ സേനയിൽ ക്ളാർക്ക്/റൈറ്റർ ആയി പതിനഞ്ച് വർഷത്തിൽ കുറയാത്ത സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ ഗവൺമെന്റ് സർവ്വീസിൽ ടൈപ്പിസ്റ്റായി അപേക്ഷിക്കുന്നതിന് മതിയായ യോഗ്യതയുള്ളതായി കണക്കാക്കുന്നതാണ്. അവർക്ക് നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) പരീക്ഷ പാസ്സായിരിക്കേണ്ടതാണ്.
5) 11.5.1977 ലെ ജി.ഒ (പി) നമ്പർ 139/77/ജി.എ.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായി എസ്.എസ്.എൽ.സി. പരിക്ഷയ്ക്ക് മലയാളം അല്ലാതെ മറ്റേതെങ്കിലും ഭാഷ ഒന്നാം ഭാഷയായി എടുത്തിട്ടുള്ള ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് അവർ മലയാളം ടൈപ്പ്റൈറ്റിംഗിൽ (ലോവർ) യോഗ്യത കരസ്ഥമാക്കിയിട്ടില്ലെങ്കിലും ഈ തസ്തികക്ക് അപേക്ഷിക്കാവുന്നതാണ്.
6) കരസേനയിൽ ക്ളാസ്-1 വിഭാഗത്തിൽ ക്ളാർക്ക് (ജനറൽ ഡ്യൂട്ടി) ക്ളാർക്ക് (സ്റ്റാഫ് ഡ്യൂട്ടി) പേഴ്സണൽ അസിസ്റ്റന്റ് നാവികസേനയിൽ റൈറ്റർ, വ്യോമസേനയിൽ ക്ളാർക്ക് (ജനറൽ ഡ്യൂട്ടി) എന്നീ തസ്തികയിലും പ്രതിരോധസേ

നയിലും ക്ളാർക്കായി 15 വർഷത്തിൽ കുറയാതെയും സേവനം അനുഷ്ഠിച്ചിട്ടുള്ള വിമുക്ത ഭടൻമാർക്ക് ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്. (ജി.ഒ.(പി) നമ്പർ 143/86 തീയതി 30.4.1986)

7) പ്രതിരോധ സേനയിൽ ക്ളാർക്ക് സ്റ്റോർ കൺട്രോൾ (AOC) ആയി 15 വർഷത്തിൽ കുറയാത്ത സേവനമനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടൻമാരും ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ അർഹരാണ്.

**8. അപേക്ഷ അയക്കേണ്ട മേൽവിലാസം:**
www.keralapsc.org

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)**

**ഓൺലൈനിലൂടെ മാത്രം അപേക്ഷിക്കാവുന്ന തസ്തികകൾ**

## കാറ്റഗറി നമ്പർ: 287/2010
## അസിസ്റ്റൻറ് മറൈൻസർവ്വേയർ
## കേരള തുറമുഖ വകുപ്പ്
## (ഹൈഡ്രോഗ്രാഫിക് സർവേ ബ്രാഞ്ച്)
### നാലാം (എൻ.സി.എ) വിജ്ഞാപനം

**1) വകുപ്പ്** : കേരള തുറമുഖ വകുപ്പ് (ഹൈഡ്രോഗ്രാഫിക് സർവേ ബ്രാഞ്ച്)
**2) ഉദ്യോഗപ്പേര്** : അസിസ്റ്റൻറ് മറൈൻസർവ്വേയർ
**3) ശമ്പളം** : 11070 – 18450 രൂപ
**4) ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 29/12/2005 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൻെറ കാലയളവിൽ പട്ടികജാതി സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5) നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി സംവരണ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അവരുടെ അഭാവത്തിൽ പട്ടിക വർഗ്ഗക്കാരിൽ നിന്നും മാത്രം)

**കുറിപ്പ്:–** പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6) പ്രായപരിധി:** പ്രായം: 18–40, ഉദ്യോഗാർത്ഥികൾ 2.1.1970 നും 1.1.1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ) വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പാർട്ട്–2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2 (i) ഒഴികെ)

**7) യോഗ്യതകൾ:** (1)എസ്. എസ്. എൽ. സിയോ തത്തുല്ല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

(2) ഇന്ത്യൻ നേവൽ ഹൈഡ്രോഗ്രാഫിക് ബ്രാഞ്ച് നൽകുന്ന സർവ്വേ റിക്കോർഡർ ക്ലാസ്സ് I അല്ലെങ്കിൽ ക്ലാസ്സ് II യോഗ്യത നേടിയിരിക്കണം

**കുറിപ്പ്** I:– (1) സർവ്വെ റിക്കോർഡർ ക്ലാസ്സ് I യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അവർ പ്രസ്തുത യോഗ്യത കരസ്ഥമാക്കിയ തീയതി മുതൽ 4 (നാല്) വർഷക്കാലയളവിൽ കുറയാത്ത പരിചയം ഹൈഡ്രോഗ്രാഫിക് സർവ്വേയിൽ ഉണ്ടായിരിക്കണം.

(2) സർവ്വെ റിക്കോർഡർ ക്ലാസ്സ് II യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അവർ പ്രസ്തുത യോഗ്യത കരസ്ഥമാക്കിയ തീയതി മുതൽ 6(ആറ്) വർഷക്കാലയളവിൽ കുറയാത്ത പരിചയം ഹൈഡ്രോഗ്രാഫിക് സർവ്വേയിൽ ഉണ്ടായിരിക്കണം.

**കുറിപ്പ്** II:മേൽപ്പറഞ്ഞ പരിശീലനം നേടിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾക്കും ഈ തസ്തികയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ചതിനുശേഷം നിശ്ചിത കാലയളവിൽ പരിശീലനം നേടിയിരിക്കേണ്ടതാണ്. പരിശീലന കാലത്ത് ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള മുഴുവൻ ശമ്പളത്തിനും അലവൻസുകൾക്കും അർഹരായിരിക്കും

**വിശദീകരണം** (1) :– അംഗീകൃത ഹൈഡ്രോഗ്രാഫിക് സർവ്വേ സർവ്വീസ് എന്നത് താഴെ പറയുന്നവ ഉൾപ്പെടുന്നത് ആയിരിക്കും.

1. ഇന്ത്യൻ നാവിക സേനയിലെ ഹൈഡ്രോഗ്രാഫിക് വകുപ്പിലെ സേവനം.
2. ഹൂഗ്ലി റിവർ സർവ്വേ സർവ്വീസിലെ സേവനം.
3. കേരളാ തുറമുഖ വകുപ്പിലെ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിലെ സേവനം.
4. ഇന്ത്യ ഗവണ്മെൻറിൻെറ് ഗതാഗത മന്ത്രാലയത്തിൻെറ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിലെ സേവനം.
5. ഇന്ത്യയിലെ മാരിടൈം സംസ്ഥാനങ്ങളുടെ ഹൈഡ്രോഗ്രാഫിക് ഓർഗനൈസേഷനിലെ സേവനം.
6. ഇന്ത്യയിലെ പ്രമുഖ തുറമുഖങ്ങളിലെ ഹൈഡ്രോഗ്രാഫിക് സർവ്വേ വകുപ്പിലെ സേവനം.

**വിശദീകരണം (2)**:– പരിചയം, മുകളിൽ 7(2)–ൽ സൂചിപ്പിച്ചിരിക്കുന്ന സാങ്കേതിക വിദ്യാഭ്യാസ യോഗ്യത നേടിയതിനു ശേഷമുള്ളതായിരിക്കണം.

**8. അപേക്ഷ അയക്കേണ്ട മേൽവിലാസം:**
www.keralapsc.org

## കാറ്റഗറി നമ്പർ: 288/2010
## വൊക്കേഷണൽ ടീച്ചർ – ഇ.സി.ജി. ആന്റ് ആഡിയോ മെട്രിക് ടെക്നീഷ്യൻ
## കേരള വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ
### (രണ്ടാം എൻ. സി. എ വിജ്ഞാപനം)

(ഈ തസ്തികയ്ക്ക്; 30.4.2009–ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 124/2009 ആയി വിജ്ഞാപനം ചെയ്തിരുന്ന ഒന്നാം എൻ. സി. എ. വിജ്ഞാപനത്തിന് യോഗ്യരായ അപേക്ഷകരെ ലഭ്യമാകാത്തതിനാലുള്ള 2–ാം എൻ.സി.എ വിജ്ഞാപനമാണിത്.)

**1. വകുപ്പ്** : കേരള വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ.
**2. ഉദ്യോഗപ്പേര്** : വൊക്കേഷണൽ ടീച്ചർ – ഇ.സി.ജി. ആന്റ് ആഡിയോ മെട്രിക് ടെക്നീഷ്യൻ
**3. ശമ്പളം** : 11,070–18,450/– രൂപ.
**4. ഒഴിവുകളുടെ എണ്ണം** : ഈഴവ–1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ (കാറ്റഗറി നമ്പർ–470/05) 26–12–2005–ാം തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഈഴവ സമുദായത്തിലുള്ള ഉദ്യോഗാർത്ഥിയുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (ഈഴവ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം).

**കുറിപ്പ്** :ഈഴവ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷകൾ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 23–42.

ഉദ്യോഗാർത്ഥികൾ 02/01/1968നും 01/01/1987നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ).
(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(1) ലെ ആനുകൂല്യം ഉൾപ്പെടെ. വയസ്സിളവിനെ സംബന്ധിച്ച് മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (1) ഒഴികെ)

**7. യോഗ്യതകൾ :**

കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെയുള്ള എം.എസ്.സി ബിരുദം അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും ഒരു അംഗീകൃത സ്ഥാപനത്തിൽനിന്ന് ഇ.സി.ജി.യിലുള്ള ഡിപ്ലോമയും.

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽനിന്നും 50% മാർക്കിൽ കുറയാതെ ആഡിയോ മെട്രിയിലുള്ള എം.എസ്.സി ബിരുദം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

കുറിപ്പ് : (i) ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നു ലഭിച്ച ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ അധിക യോഗ്യതയായിട്ടുള്ളവർക്ക് വൊക്കേഷണൽ ടീച്ചേഴ്സ് തസ്തികകളുടെ നിയമനങ്ങളിൽ മുൻഗണന നൽകുന്നതാണ്.

(ii) അദ്ധ്യാപക തസ്തികകൾക്ക് നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകൾ കേരളത്തിലെ അംഗീകൃത സർവ്വകലാശാലകളിൽ നിന്ന് റഗുലർ പഠനത്തിലൂടെ നേടിയതോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല തത്തുല്യമായി അംഗികരിച്ചതോ ആയിരിക്കണം.

**8. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം** :
www.keralapsc.org

## കാറ്റഗറി നമ്പർ: 289/2010
## നോൺ വൊക്കേഷണൽ ടീച്ചർ – ഇംഗ്ളീഷ്
## കേരള വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം
### (ഒന്നാം എൻ. സി. എ വിജ്ഞാപനം)

**1. വകുപ്പ്** : കേരള വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം.
**2. ഉദ്യോഗപ്പേര്** : നോൺ വൊക്കേഷണൽ ടീച്ചർ – ഇംഗ്ളീഷ് (ജൂനിയർ)
**3. ശമ്പളം** : 9190 – 15510/– രൂപ.
**4. ഒഴിവുകളുടെ എണ്ണം**: പട്ടികജാതി – 4 (നാല്)

മുകളിൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം പട്ടികജാതി സമുദായത്തിനു വേണ്ടി മാത്രം തയ്യാറാക്കപ്പെടുനന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 11/07/07 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ (കാറ്റഗറി നമ്പർ–10/05)പ്രസ്തുത സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർ ത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം). എന്നാൽ പട്ടികജാതിക്കാരായ അപേക്ഷകരുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്.

**കുറിപ്പ്: –** പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷകൾ സമർപ്പിക്കുന്ന പക്ഷം അവരുടെ അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 23–44

ഉദ്യോഗാർത്ഥികൾ 02/01/1966 നും 01/01/1987 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(1) ലെ ആനുകൂല്യം ഉൾപ്പെടെ). വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(1) ഒഴികെ).

**7. യോഗ്യതകൾ** :

I കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 50%മാർക്കിൽ കുറയാതെയുള്ള ഇംഗ്ളീഷിൽ (റഗുലർ പഠനത്തിനു ശേഷം) നേടിയ ബിരുദാനന്തര ബിരുദം അഥവാ തത്തുല്യ യോഗ്യത.

II (1)കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിനുശേഷം ഇംഗ്ളീഷിൽ നേടിയ ബി.എഡ്.ബിരുദം അഥവാ തത്തുല്യമായി കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാല അംഗീകരിച്ച യോഗ്യത.

(2) ഇംഗ്ളീഷിൽ ബി.എഡ് ഡിഗ്രി നേടിയവരുടെ അഭാവത്തിൽ, ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ റഗുലർ പഠനത്തിനു ശേഷം നേടിയ ബി.എഡ്. (കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയുടെ ആക്ടുകളിലും സ്റ്റാറ്റ്യൂട്ടുകളിലും നിർദ്ദേശിച്ചിട്ടുള്ള പ്രകാരമായിരിക്കണം) (B.Ed Degree acquired in the concerned faculty as specified in the Acts and Statutes of any of the Universities in Kerala)

(3) മുകളിൽ ഇനം (1)–ലും, (2)–ലും സൂചിപ്പിച്ചിട്ടുള്ള ബി.എഡ്. ഏതെങ്കിലും യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ, കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ നിന്നും 'റഗുലർ' പഠനത്തിനു ശേഷം നേടിയ എതെങ്കിലുമൊരു വിഷയത്തിലുള്ള ബി.എഡ് ബിരുദം അഥവാ തത്തുല്യമായി കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാല അംഗീകരിച്ച യോഗ്യത.

(4) ബി.എഡ് ബിരുദക്കാരുടെ അഭാവത്തിൽ 50% മാർക്കിൽ കുറയാതെ ഇംഗ്ളീഷിൽ ബിരുദാനന്തര ബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി. ബിരുദമോ എം.ഫിൽ ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ്/നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യതയോ ജയിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥപ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ് ബിരുദം നേടിയിരിക്കണം.

(5) കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാല അംഗീകരിച്ച, ഇംഗ്ളീഷിൽ (റഗുലർ പഠനത്തിലൂടെ) എം.എഡ്. നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ നോൺ വൊക്കേഷണൽ അദ്ധ്യാപക തസ്തികയ്ക്കായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ്:–** അദ്ധ്യാപക തസ്തികയ്ക്കുവേണ്ടി എല്ലാ വിദ്യാഭ്യാസ യോഗ്യതകളും കേരളത്തിലെ അംഗീകൃത സർവ്വക

ലാശാലയിൽനിന്നും റഗുലർ പഠനത്തിനുശേഷം നേടിയതോ അല്ലെങ്കിൽ തത്തുല്യമായതോ ആയിരിക്കണം.

**പ്രത്യേക ഇളവുകൾ**

(I) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലവൽ എലിജിബിലിറ്റി ടെസ്റ്റ്ജയിച്ച ഉദ്യോഗാർത്ഥികളെ നോൺ വൊക്കേഷണൽ അദ്ധ്യാപക തസ്തികയ്ക്ക് നിഷ്കർഷിച്ചിരിക്കുന്ന സേറ്ററ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ii)HSST തസ്തിക നിയമനത്തിനായി കേരള സർക്കാർ നടത്തുന്നസ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായവരേയും നോൺ വൊക്കേഷണൽ അദ്ധ്യാപക തസ്തികയ്ക്ക് നിഷ്ക്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(iii) നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(iv)പി.എച്ച്.ഡി./എം.എഡ്/കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നോ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയ ബന്ധപ്പെട്ട വിഷയത്തിൽ എം.ഫിലോ നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(V)നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയിൽ നിന്ന് പി.എച്ച്.ഡി തീസിസ് സമർപ്പിച്ചവരേയും എം.ഫിൽ പാസ്സായവരേയും കാലാകാലങ്ങളിൽ യു.ജി.സി എത്രകാലം ഒഴിവാക്കുന്നുണ്ടോ അത്രയും കാലയളവിലേക്ക് പ്രസ്തുത യോഗ്യതയുള്ളവരെ സെറ്റ് പാസ്സായിരിക്കണമെന്ന നിബന്ധനയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

**8. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം :**
www.keralapsc.org.

## കാറ്റഗറി നമ്പർ: 290/2010
## റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് – 2
## (പ്രോസ്തെറ്റിക്സ്)
## മെഡിക്കൽ വിദ്യാഭ്യാസം
## ഒന്നാം എൻ. സി. എ വിജ്ഞാപനം

| | | |
|---|---|---|
| 1. **വകുപ്പ്** | : | മെഡിക്കൽ വിദ്യാഭ്യാസം |
| 2. **ഉദ്യോഗപ്പേര്** | : | റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് – 2 (പ്രോസ്തെറ്റിക്സ്) |
| 3. **ശമ്പളം** | : | 4990 – 7990/– രൂപ |
| 4. **ഒഴിവുകളുടെ എണ്ണം** | : | ഈഴവ – 1 (ഒന്ന്)<br>പട്ടികജാതി – 1 (ഒന്ന്)<br>മുസ്ലീം – 3 (മൂന്ന്)<br>ലത്തീൻ കത്തോലിക്ക – 2 (രണ്ട്) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ്, ഈ തസ്തികയുടെ 12.08.2009 തീയതിയിൽ നിലവിൽ വന്ന റാങ്ക്‌ലിസ്റ്റിന്റെ കാലയളവിൽ (ഗസറ്റ് തീയതി 04.09.2007, കാറ്റഗറി നമ്പർ 281/2007) ഈഴവ, പട്ടികജാതി, മുസ്ലീം, എൽ.സി സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാതെ വന്ന ഒഴിവിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (ഈഴവ, പട്ടികജാതി, മുസ്ലീം, എൽ.സി സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:**–1. പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്.

2. ഈഴവ, പട്ടികജാതി, പട്ടികവർഗ്ഗം, മുസ്ലീം, എൽ.സി സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18–38/40:

ഉദ്യോഗാർത്ഥികൾ 02.01.1972–നും 01.01.1992–നും ഇടയിൽ ജനിച്ചവരാകണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1970–നും 01.01.1992–നും ഇടയിൽ ജനിച്ചവരാകണം. (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക2(1)–ലെ ആനുകൂല്യം ഉൾപ്പെടെ). വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(1) ഒഴികെ).

**കുറിപ്പ്:**– ഹാഫ് എ മില്യൻ ജോബ് പ്രോഗ്രാം അനുസരിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആർട്ടിഫിഷ്യൽ ലിംബ് സെന്ററിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയിട്ടുള്ളവർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചുവർഷത്തെ ഇളവ് അനുവദിക്കുന്നതാണ്.

**7. യോഗ്യതകൾ** :

1) പുതിയ ഏഴാം സ്റ്റാൻഡേർഡ് പാസ്സായിരിക്കണം. അല്ലെങ്കിൽ മറ്റേതെങ്കിലും തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം.

2) (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലോ മറ്റേതെങ്കിലും അംഗീകൃത സ്ഥാപനങ്ങളിലോ നടത്തുന്ന റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ട്രെയിനിംഗ് (പ്രോസ്തെറ്റിക്സ്) വിജയകരമായി പൂർത്തിയായിരിക്കണം.

മുകളിൽ പറഞ്ഞിരിക്കുന്ന യോഗ്യതയുള്ളവരുടെ അഭാവത്തിൽതാഴെ കൊടുത്തിരിക്കുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്.

(ബി) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നോ മറ്റേതെങ്കിലും അംഗീകൃത ട്രേഡ് സ്കൂളുകളിൽ നിന്നോ ലഭിച്ച പ്രോസ്തെറ്റിക്സ് ട്രേഡിലുള്ള സർട്ടിഫിക്കറ്റ് നേടുകയോ സർട്ടിഫിക്കറ്റ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുകയോ ചെയ്തിട്ടുള്ളവരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്.

**8. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം**
:www.keralapsc.org

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)**

**ഓൺലൈനിലൂടെ മാത്രം അപേക്ഷിക്കാവുന്ന തസ്തികകൾ**

## കാറ്റഗറി നമ്പർ: 291/2010
## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്– 2
## (പട്ടികവർഗ്ഗക്കാർക്കു മാത്രം –സ്പെഷ്യൽ റിക്രൂട്ട്മെന്റ്)
## വിവിധം

(കാറ്റഗറി നമ്പർ 122/07 ആയി 12–4–2007 ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ പുനർവിജ്ഞാപനം)

| | | |
|---|---|---|
| 1. **വകുപ്പ്** | : | വിവിധം |
| 2. **ഉദ്യോഗപ്പേര്** | : | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്–2 |

(പട്ടികവർഗ്ഗക്കാർക്കു മാത്രം –സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

| | | |
|---|---|---|
| 3. **ശമ്പളം** | : | 5930–9590/– രൂപ |
| 4. **ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ<br>തിരുവനന്തപുരം–1 (ഒന്ന്) |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (സ്പെഷ്യൽ റിക്രൂട്ട്മെന്റ്, പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**കുറിപ്പ്:**– പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.)

**6. പ്രായം** : 18–40

ഉദ്യോഗാർത്ഥികൾ 02–01–1970 നും 01–01–1992 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ)

**കുറിപ്പ്:**– നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയി 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.

**7. യോഗ്യതകൾ:**

1. എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.
2. ഇംഗ്ലീഷ് ടൈപ്പ്റൈറ്റിങ്ങിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിങ്ങിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും (9.5. 2005–ലെ ജി.ഒ (പി) നമ്പർ 17/2005/പി.ആന്റ് എ.ആർ.ഡി)
3. മലയാളം ടൈപ്പ്റൈറ്റിങ്ങിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.
4. ഇംഗ്ലീഷ് ഷോർട്ട് ഹാൻഡ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.
5. മലയാളം ഷോർട്ട് ഹാൻഡ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

